# ഇറാഖ്

**കണ്ണുകൾ ചൂഴ്ന്നെടുത്ത**
വാൽനക്ഷത്രം
ആകാശം വിട്ടോടുന്നു!
കത്തിയ ഉടലുമായി
നിലാവ്, പേയിളകി
നിലവിളിക്കുന്നു.
നഞ്ഞ് കലക്കിയ
കടൽ, ശ്വാസം മുട്ടി
ചുമച്ചു തുപ്പുന്നു.
പൂന്തോപ്പുകളിൽ
കുഞ്ഞുപൂക്കൾ
കഫൻപുടവ
നെയ്യുന്നു.
മൺകൂനക്കടിയിലെ
പാഠശാലയിൽനിന്നും
ഒരു കുറ്റിപെൻസിൽ മാത്രം
കൺതുറക്കുന്നു!
എന്നിട്ടും,
നെഞ്ചില്ലാത്തവരുടെ
നെഞ്ചിടിപ്പളക്കാൻ
ഇനിയും വേണോ
ഒരളവുകോലും
ഒരറവു കത്തിയും?

**റസാഖ് പള്ളിക്കര**

# വിധിപോലൊരു വീട്

**ഇടക്കിടെയോർത്തു**
നടന്നു, ഞാനെന്നി-
ടക്കാലവാസഗൃഹത്തിൻ
'സ്ഥാനമാന'ങ്ങൾ
നിനച്ചു നിനച്ച്.....
ഒരുടമയോടും കടുത്ത-
വിലപേശുന്നില്ല,
ഒരെഞ്ചിനീയറും പ്ലാൻ-
വരച്ചെസ്റ്റിമേറ്റ്
പെരുക്കിക്കൂട്ടി കണക്കുകൾ
നിരത്തുന്നില്ല;
തറ വേണ്ട, മുറി വേണ്ടൊ-
രായിരം വിസ്മയക്കണ്ണുകൾ-
തന്നഴകേറ്റും
നിറക്കൂട്ടിൻ ഭാവ-
ച്ചാർത്തും വേണ്ട,
കൂട്ടുകുടുംബ-ബന്ധു-മിത്ര
കൂട്ടുകെട്ടും വേണ്ടെല്ലാ-
'കൂട്ടിവെപ്പു'കളും
തട്ടിമാറ്റിയൊറ്റക്കാരോ
അളന്നു മുറിച്ചെനിക്കായി
പണിയുമൊറ്റത്താവള-
മതിനാറടിയുണ്ടാം-
വിധിപോൽ....!!

**മുഹമ്മദ് കുട്ടി, ഇരിമ്പിളിയം**

# വഴി

**ഒരു വഴി**
മറ്റൊന്നിനെ
അനുകരിക്കുന്നുണ്ട്
ഓരോ പാദവും
മുന്നിലെ
വലിയ ദൂരത്തെ
പിന്നോട്ട് വലിക്കുന്നുണ്ട്
പിറകിലെ
കാലടികൾ
വീണിടത്തുതന്നെ
തളർന്നു കിടപ്പാണ്
വഴിയരികിൽ
മുറിഞ്ഞുപോയ
പിൻ നടത്തങ്ങൾ
ഇപ്പോൾ
എവിടെയാകും?
ഉമ്മയിൽനിന്നും
കല്ലറയിലേക്ക്
കൊളുത്തുകൾ
കോർക്കുകയാണോ?

**ബിലാൽ മുഹമ്മദ്**

# കാലപ്പകർച്ചകൾ

**കണ്ണ്**
കരൾ ചൂഴുന്ന കാലമാണ്
കനലെരിയാതെ നോക്കണം.
കാലടിയിൽ
കരിപുരളുന്ന വഴികളാണ്
കല്ലുകൊള്ളാതെ കാക്കണം.
തലമുകളിൽ
ഒരു ഖഡ്ഗം കൽപന
കാതോർത്തുനിൽപുണ്ട്,
ചുമരിൽ
ഒരു ഘടികാര സൂചി
സെക്കന്റുകളെണ്ണി
കാത്തുനിൽപുണ്ട്.
ഹൃദയം
തപിക്കുന്ന രോദനത്തിന്റെ
പാനപാത്രത്തിനായ്
കയ്പുനീരിന്റെ
വാക്കർഥങ്ങൾ
തെരഞ്ഞുനിൽപുണ്ട്.
അണയാൻ
അതിഥികളില്ലാത്തൊരു ഭവനം
കളിമണ്ണിന്റെ പശിമയിൽ
ചേർന്നു കിടപ്പുണ്ട്.

**മുനീർ മങ്കട**